# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 06-06-2026** **TIME: 07.25 AM**

### പ്രധാന വാർത്തകൾ

1. ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമായി തുടരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that the foundation of the Indian economy remains strong despite the global crisis.**

2. വ്യാപാര, നിക്ഷേപ, ഊർജ്ജ മേഖലകളിലെ സഹകരണം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, നേപ്പാൾ വിദേശകാര്യ മന്ത്രിയുമായി ഇന്ന് ചർച്ച നടത്തും.

   **External Affairs Minister S. Jaishankar will hold talks with the Foreign Minister of Nepal today on cooperation in trade, investment and energy sectors.**

3. മത്സ്യബന്ധന മേഖലയ്ക്ക് ആഗോള വിപണി ലഭ്യത വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **Government is committed to increasing global market access for the fisheries sector, says Union Minister Piyush Goyal.**

4. മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി **CBSE** നാളെ വരെ നീട്ടി.

CBSE extends the last date for submitting applications for mark verification and revaluation till tomorrow.

5. കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   Monsoon is gaining strength in Kerala. Red alert in five districts today; Fishing banned off Kerala-Lakshadweep and Karnataka coasts.

6. നോർവേ ചെസ് കിരീടം ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്; ഇന്ത്യ -അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ടെസ്റ്റ് ഇന്ന് ആരംഭിക്കും.

   Norway chess title for Indian Grandmaster R. Praggnanandha; India-Afghanistan cricket test to start today.

☸☸☸☸☸☸☸☸☸☸☸☸

## PM-SURAT VISIT (INTRO)

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമായി തുടരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള പ്രതിസന്ധികൾക്കിടയിലും 2025-26 സാമ്പത്തിക വർഷത്തിൽ രാജ്യം 7.7 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി അദ്ദേഹം പറഞ്ഞു. ഇന്നലെ ദാമനിൽ 2,970 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമ പദ്ധതികൾക്കും മുൻഗണന നൽകി രാജ്യം വികസന പാതയിൽ ഇനിയും മുന്നേറുമെന്ന് അദ്ദേഹം അറിയിച്ചു.

(വോയിസ്....)

ലക്ഷദ്വീപിലെ കടമത്ത്, കൽപ്പേനി ദ്വീപുകളിലായി നിർമ്മാണമാരംഭിക്കുന്ന നാല് തുറമുഖ ജെട്ടികളുടെയും തറക്കല്ലിടൽ പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു. സൂറത്തിൽ 18,000 കോടി രൂപയുടെ പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്നലെ തുടക്കം കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## NEPAL- FM

നേപ്പാൾ വിദേശകാര്യ മന്ത്രി ശിസിർ ഖനാൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. വ്യാപാരം, നിക്ഷേപം, ഊർജ്ജം ഉൾപ്പടെയുള്ള മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ.ജയശങ്കറുമായി അദ്ദേഹം ഇന്ന് ചർച്ച നടത്തും.

❁❁❁❁❁❁❁❁❁❁❁❁

## SEAFOOD EXPORT WORKSHOP

ഇന്ത്യയുടെ കടൽവിഭവ കയറ്റുമതി നിലവിലുള്ള 8 ബില്യൺ യു.എസ് ഡോളറിൽ നിന്ന് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 30 ബില്യൺ യു.എസ് ഡോളറായി ഉയർത്തണമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. മത്സ്യബന്ധന മേഖലയ്ക്ക് ആഗോള വിപണി ലഭ്യത വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ഇന്നലെ ആരംഭിച്ച ദ്വിദിന ദേശീയ കടൽവിഭവ കയറ്റുമതി ശില്പശാലയുടെ ഭാഗമായി വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കേന്ദ്ര മത്സ്യബന്ധന വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് ചടങ്ങിൽ സംബന്ധിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## AGRICULTURE MINISTRY - CAMPAIGN

രാജ്യത്തുടനീളമുള്ള 9.42 ലക്ഷത്തിലധികം കർഷകർ ഖേത് ബച്ചാവോ പ്രചാരണ പരിപാടിയുടെ ഭാഗമായതായി കൃഷി, കർഷകക്ഷേമ മന്ത്രാലയം. സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠത സംരക്ഷിക്കുക, സുസ്ഥിര കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. അമിത വളപ്രയോഗം തടയുന്നത് സംബന്ധിച്ച് 17,800-ലധികം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചതായും കൃഷി മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## INDIA-GDP

2025-26 സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ യഥാർത്ഥ ജിഡിപി വളർച്ച 7.7 ശതമാനമായി ഉയർന്നതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം. 2024-25ൽ ഇത് 7.1 ശതമാനമായിരുന്നു. 2025-26 വർഷത്തിലെ നാലാം പാദത്തിൽ ജിഡിപി വളർച്ച 7.8 ശതമാനമായി ഉയർന്നു.

☸☸☸☸☸☸☸☸☸☸☸☸

## MEA BRIEFING

ഈ വർഷം ഇതുവരെ 1,076 ഇന്ത്യൻ പൗരന്മാരെ യു.എസിൽ നിന്ന് തിരികെ അയച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. കഴിഞ്ഞ വർഷം ഇത് 3,567 ആയിരുന്നു. ഇന്ത്യ യു.എസ് വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ പ്രതീക്ഷാ നിർഭരമായിരുന്നു എന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## RUSSIA- INDIA DEFENCE

ഇന്ത്യ -റഷ്യ നയതന്ത്ര പങ്കാളിത്തത്തിന്റെ ഭാഗമായി റഷ്യയുടെ അഞ്ചാം തലമുറ സ്റ്റെൽത്ത് യുദ്ധവിമാനമായ സുഖോയ് -57, ഇന്ത്യയ്ക്ക് വാഗ്ദാനം ചെയ്ത് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ. സുഖോയ് വിമാനത്തിന്റെ സംയുക്ത നിർമ്മാണം ഇന്ത്യയിൽ ആരംഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸

## CBSE EXTEND DATE

മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി CBSE ജൂൺ 7 വരെ നീട്ടി. ഞായറാഴ്ച വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാ നടപടികൾ പൂർത്തിയാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകുന്നതിനായാണ് ഈ തീരുമാനമെന്ന് സി.ബി.എസ്.ഇ വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸

## KERALA RAIN ( INTRO )

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത

പ്രഖ്യാപിച്ചു. നാലു ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

**വിശദാംശങ്ങളിലേക്ക്...**

**(വോയ്സ്)**

മഴ സാധ്യത കണക്കിലെടുത്ത് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ശേഷിക്കുന്ന മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല, പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമില്ല. കോഴിക്കോട്ടെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഇന്നും നാളെയും പ്രവേശനം ഉണ്ടാകില്ല. വയനാട്ടിൽ മേപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളും ഹോം സ്റ്റേകളും വിനോദസഞ്ചാര കേന്ദ്രങ്ങളും രണ്ട് ദിവസത്തേക്ക് അടച്ചിടാൻ നിർദേശമുണ്ട്. എല്ലാ ഖനന പ്രവർത്തനങ്ങളും അഡ്വഞ്ചർ ടൂറിസവും ട്രക്കിങ്ങുകളും നിർത്തിവെയ്ക്കാനും ഉത്തരവിട്ടു. പ്രതികൂല കാലാവസ്ഥയും കടൽക്ഷോഭവും കാരണം, കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

☸☸☸☸☸☸☸☸☸☸☸☸

## ACCIDENT – MALAPPURAM

മലപ്പുറം കൊണ്ടോട്ടിയിൽ തീർത്ഥാടക സംഘം സഞ്ചരിച്ചിരുന്ന ടെമ്പോ ട്രാവലറും ടിപ്പർ ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ടുപേർ മരിച്ചു. പാലക്കാട് വടവന്നൂർ സ്വദേശി രാജേഷ്, പാലക്കാട് മുർകശംകുന്ന് സ്വദേശി രമണി എന്നിവരാണ് മരിച്ചത്. അപകടത്തിൽ 10 പേർക്ക് പരിക്കേറ്റു. ഇതിൽ 5 പേരുടെ നില ഗുരുതരമാണ്. പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

☸☸☸☸☸☸☸☸☸☸☸☸

## CHESS-PRAGGNANANDHA

നോർവേ ചെസ് കിരീടം ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്. ഓസ്ലോയിൽ നടന്ന മത്സരത്തിൽ ജർമ്മനിയുടെ വിൻസെന്റ് കീമറിനെ അവസാന റൗണ്ടിൽ പരാജയപ്പെടുത്തിയാണ് പ്രഗ്നാനന്ദയുടെ ചരിത്രവിജയം. ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് പ്രഗ്നാനന്ദ.

☸☸☸☸☸☸☸☸☸☸☸☸

## CRICKET TEST-IND VS AFG

ഇന്ത്യ -അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ടെസ്റ്റ് ഇന്ന് ന്യൂ ചണ്ഡീഗഢിലെ മുല്ലൻപൂരിൽ ആരംഭിക്കും. രാവിലെ 9:30 നാണ് മത്സരം. പരമ്പരയിലെ ഏക ടെസ്റ്റ് ആണിത്.

☸☸☸☸☸☸☸☸☸☸☸☸

## SAFF WOMENS CHAMPIONSHIP

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. വൈകുന്നേരം 6:30 ന് ഗോവയിലാണ് മത്സരം. ഇന്ത്യൻ വനിതകൾ ഇതുവരെ അഞ്ച് തവണ സാഫ് ഫുട്ബോൾ കിരീടം നേടിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸

## US IRAN - CLASH

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ഹോർമുസ് കടലിടുക്കിന് സമീപമുള്ള ഇറാനിയൻ റഡാർ സൈറ്റുകൾ യുഎസ് സൈന്യം ആക്രമിച്ചു. നാല് ഇറാനിയൻ ഡ്രോണുകൾ വെടിവച്ചു വീഴ്ത്തി. ഇതോടെ യു.എസ് - ഇറാൻ സമാധാന ചർച്ചകൾക്കുള്ള സാധ്യതകൾ മങ്ങി. അതേസമയം, ലെബനനിൽ, ഇസ്രായേലും ലെബനൻ ഭരണകൂടവും അംഗീകരിച്ച യുഎസ് മധ്യസ്ഥതയിലുള്ള വെടിനിർത്തൽ നിർദ്ദേശം ഹിസ്ബുള്ള നിരസിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## PAKISTAN-UNSC-INDIA

ജമ്മു കശ്മീരിനെക്കുറിച്ച് തെറ്റായ പ്രചാരണം നടത്തുന്നതിനായി പാകിസ്ഥാൻ, യുഎൻ സുരക്ഷാ സമിതിയിലെ താൽക്കാലിക അംഗത്വം ദുരുപയോഗം ചെയ്യുകയാണെന്ന് ഇന്ത്യ. ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും പാകിസ്ഥാന്റെ

അവകാശവാദങ്ങൾക്ക് യാഥാർത്ഥ്യത്തെ മാറ്റാനാകില്ലെന്നും യു.എന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## RBI–FPIs

വിദേശ നിക്ഷേപകർക്ക് സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപം നടത്തുന്നത് എളുപ്പമാക്കുന്നതിനും ചട്ടങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിയന്ത്രണ ചട്ടങ്ങളിൽ നിർണായക മാറ്റങ്ങൾ പ്രഖ്യാപിച്ചു. പുതുക്കിയ ചട്ടക്കൂട് അനുസരിച്ച്, ജനറൽ റൂട്ട് വഴി നിക്ഷേപം നടത്തുന്ന എഫ്.പി.ഐകൾ ഇനി മുതൽ ഹ്രസ്വകാല നിക്ഷേപ പരിധികൾ, സെക്യൂരിറ്റി തിരിച്ചുള്ള പരിധികൾ, കോൺസെൻട്രേഷൻ പരിധികൾ എന്നിവ പാലിക്കേണ്ടതില്ല. ഈ നീക്കം വിദേശ നിക്ഷേപകർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

☸☸☸☸☸☸☸☸☸☸☸☸

## UN PEACEKEEPER AWARD

ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ സമാധാന സേനാംഗമായ മേജർ അഭിലാഷ ബരാക്കിന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് 2025 ലെ യുണൈറ്റഡ് നേഷൻസ് മിലിട്ടറി ജെൻഡർ അഡ്വക്കേറ്റ് അവാർഡ് സമ്മാനിച്ചു. ലെബനനിലെ ഐക്യരാഷ്ട്രസഭയുടെ ഇടക്കാല സേനയിൽ ഇന്ത്യൻ ബറ്റാലിയനോടൊപ്പമാണ് മേജർ അഭിലാഷ സേവനമനുഷ്ഠിക്കുന്നത്. യുഎൻ സമാധാന സേനാംഗങ്ങളുടെ അന്താരാഷ്ട്ര ദിനത്തോടനുബന്ധിച്ചാണ് ചടങ്ങ് നടന്നത്.

☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸